**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2255** **12-12-2022 - ൽ മറുപടിയ്ക്ക്**

**ആമിന അബ്ദുൾഖാദിർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കരിപ്പൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ഡ്യാർപിള്ളിൽ വീട്ടിൽ ആമിന അബ്ദുൾഖാദിർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | ആമിന അബ്ദുൾ ഖാദറിന്റെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 434/2021 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നതും കൊലപാതകമായിക്കാമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി വരവെ ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ക്രൈം നമ്പർ 257/CB/EKM/R/2021ആയി റീ-നമ്പർ ചെയ്ത് തുടരന്വേഷണം ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റ്  22.09.2021 തീയതി മുതൽ ഏറ്റെടുത്ത് നടത്തി വരുന്നു. |
| (ബി) | കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 434/2021 യു./എസ്. 174 സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/സി.ബി./ ഇ.കെ.എം./ആർ./2021 റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്ത കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ; | (ബി) | ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തതിന് ശേഷം കൃത്യസ്ഥലം സന്ദർശിക്കുകയും മുൻപുണ്ടായിരുന്ന അന്വേഷണസംഘത്തിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഈ കേസ്സിലേക്ക് 22.09.2021 തീയതി എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഷൻ സയൻസ് ലാബിൽ നിന്നും ലഭിച്ചിട്ടുള്ള പരിശോധന റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ പരിശോധനക്കായി Forensic Science Lab ലേക്ക് അയച്ചും, സംശയിക്കുന്നവരുടെ CDR ശേഖരിച്ചും കൂടുതൽ അന്വേഷണം നടത്തി വരിക യാണ്. ഈ കേസ്സിലേക്ക് കുറ്റകൃത്യത്തിൽ പങ്കുണ്ടായേക്കാമെന്ന് ശക്തമായി സംശയിച്ചിരുന്ന ഒരാളെ ചോദ്യം ചെയ്ത് അയാളുടെ രക്ത സാമ്പിൾ ശേഖരിച്ച് ഫോറൻസിക് പരിശോധനയ്ക്ക് അയക്കുകയും എന്നാൽ സാമ്പിൾ എടുത്ത് രണ്ട് ദിവസം കഴിഞ്ഞ് ടിയാൻ സെറിബ്രൽ ഹെമറേജ് സംഭവിച്ച് മരണപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് കുറ്റത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ആൾക്കാരെ കേന്ദ്രീകരിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി കുറ്റവാളികളെ കണ്ടെത്തുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | (B) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ